# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.60 27-02-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ.രാജൻ
ശ്രീ.സി. ദിവാകരൻ
ശ്രീ.ഇ.കെ. വിജയൻ
ശ്രീ.ജി.എസ്. ജയലാൽ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

## നോട്ട് നിരോധനം

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം ഒരു വർഷം പിന്നിടുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ആയത് എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | നോട്ടു നിരോധനം സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിൽ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2016-17 ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61 കോടി രൂപയായിരുന്നു. എന്നാൽ നോട്ടുനിരോധനം നടപ്പിലാക്കിയ ടി സാമ്പത്തിക വർഷത്തിൽ 42,176.43 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്. |
| (ബി) | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന് ഏതൊക്കെ മേഖലകളിലാണ് പ്രതീക്ഷിത വരുമാനം ലഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പല മേഖലകളിലും കറൻസി വഴിയുള്ള വിനിമയം വൻതോതിൽ നിലനിൽക്കുന്നു. തന്മൂലം അസംഘടിത മേഖലകളിലെയും പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി. തോട്ടങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് ആളുകളെ നോട്ടുനിരോധനം നേരിട്ട് ബാധിച്ചു. സംസ്ഥാനത്ത് 25 ലക്ഷത്തിൽപരം ഇതര സംസ്ഥാന തൊഴിലാളികൾ വേലയെടുക്കുന്നുണ്ട്. ഇതിൽ നല്ലൊരു വിഭാഗത്തിന് മേൽ തീരുമാനം മൂലം ജോലി നഷ്ടപ്പെട്ടു.<br><br>സംസ്ഥാനത്തിന്റെ ഉല്പാദന-സർവ്വീസ് മേഖലകൾക്ക് ശക്തമായ പിന്തുണ നൽകുന്ന സഹകരണ ബാങ്കിംഗ് സംവിധാനത്തിന് കറൻസി ക്ഷാമം ഏൽപ്പിച്ച ആഘാതം മേൽ മേഖലകളിൽനിന്നുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് |

| | | |
|---|---|---|
| | | വഹിക്കുന്ന ടൂറിസം മേഖലയിൽ കറൻസിയ്ക്കായുള്ള നെട്ടോട്ടം ഇടിവാണ് സൃഷ്ടിച്ചത്. പുറംവരുമാനം കേരള സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ്. ഇപ്പോൾ അടിച്ചേൽപ്പിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ പുറംവരുമാനത്തിന്റെ വരവിനെ ബാധിച്ചിരിക്കുന്നു. ഇക്കാരണങ്ങളാൽ നോട്ട് റദ്ദാക്കൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും ജനങ്ങൾക്കും കനത്ത ആഘാതമേൽപ്പിച്ചിരിക്കുന്നു. |
| (സി) | ഈ സ്ഥിതി മറികടക്കുന്നതിന് ഏതൊക്കെ മാർഗ്ഗങ്ങൾ അവലംബിച്ചുവെന്ന് അറിയിക്കുമോ ? | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിരുന്നു. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം മൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും ടി പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടത്.<br><br>**<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>**<br><br>1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി |

ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി എസ് ബി അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി

**<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ</u>**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.
2. നോട്ടു നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.
4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

| | | |
|---|---|---|
| | | (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br>5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ ഉപകരിക്കുന്ന 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.<br>6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്. |

അക്കൗണ്ട്സ് ഓഫീസർ